ഉത്തരം

(എ) മൂന്ന്.

(ബി) 26.5.1997-ലെ ജി.ഒ.(എം.എസ്.) 7/97/ഉഭപവ. എന്ന ഉത്തരവു പ്രകാരം ആണ് കമ്മിറ്റി രൂപീകരിച്ചത്.

(സി) ഉണ്ട്.

(ഡി) കേരള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ അവസാന റിപ്പോർട്ട് ലഭിച്ചിട്ടില്ല. കമ്മിറ്റിയുടെ കാലാവധി 25.2.2000 വരെയാണ്.

(ഇ) കേരള ഭരണപരിഷ്ക്കാര കമ്മിറ്റിയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടുള്ള നാലു റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച ശുപാർശകൾ നടപ്പാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഒന്നാമത് റിപ്പോർട്ട്

(i) പൗരാവകാശ പത്രിക

(ii) സുതാര്യതയും അറിയുവാനുള്ള അവകാശവും

(iii) പൊതുജന പരാതി പരിഹാരം

(iv) അധികാര വികേന്ദ്രീകരണവും ഭരണപരിഷ്ക്കാരവും

(v) മോണിറ്ററിംഗ്

രണ്ടാമത് റിപ്പോർട്ട്

ഹാജർ നിരീക്ഷണ നിയന്ത്രണം

മൂന്നാമത് റിപ്പോർട്ട്

(i) ഭരണ വകുപ്പിന്റേയും വകുപ്പു തലവന്മാരുടെയും അധികാരം വർദ്ധിപ്പിക്കുക.

(ii) സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക.

നാലാമത് റിപ്പോർട്ട്

(i) ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കൽ, കഴിവ് മെച്ചപ്പെടുത്തൽ

(ii) നിയമനസ്ഥാന നിർണ്ണയം

(iii) അച്ചടക്കം

സർക്കാർ ഓഫീസുകളിലെ പഞ്ചിംഗ് സമ്പ്രദായം

2 (713) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഡ്യയിലെ ഏതെങ്കിലും സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി അറിവുണ്ടോ എന്ന് അറിയിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആന്ധ്രാപ്രദേശിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സമ്പ്രദായം നിലവിലുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.*

പൊതുപ്രവർത്തകരുടെ സ്വത്ത് വിവരം

3 (714) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി.ജെ. പൗലോസ് :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്ത ആക്ട് പ്രകാരം പൊതുപ്രവർത്തകരുടെ ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള തീയതി എത്ര പ്രാവശ്യം ദീർഘിപ്പിച്ചു എന്ന് അറിയിക്കുമോ;

(ബി) 1999 നവംബർ 16-ന് മുമ്പ് ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത എത്ര മന്ത്രിമാരുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) ഒരു പ്രാവശ്യം. രണ്ടാം പ്രാവശ്യം ദീർഘിപ്പിക്കുന്നതിനുള്ള കേരള ലോകായുക്താ (ഭേദഗതി) ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിനുള്ള സമയ പരിധി 2000, മേയ് 14-ാം തീയതി വരെ ദീർഘിപ്പിക്കുന്നതിന് നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥയുണ്ട്.

ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സഹായധനം

4(715)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക സംഭാവന നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് പൊതുജനങ്ങളിൽ നിന്നോ . സ്ഥാപനങ്ങളിൽ നിന്നോ സംസ്ഥാന സർക്കാരിന് സംഭാവനകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ ലഭിച്ച മൊത്തം തുക എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) സംസ്ഥാന സർക്കാർ ഒറീസ്സാ ദുരിതാശ്വാസ നിധിയിലേക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50 ലക്ഷം രൂപ സംഭാവന നൽകിയിട്ടുണ്ട്. ഇതിനുപുറമേ വിവിധ ജില്ലകളിൽനിന്നായി 26,17,792 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ മാനവീയം പരിപാടി വഴി 29,24,099.10 രൂപ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly